**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4440** **29-10-2021 - ൽ മറുപടിയ്ക്ക്**

**അംബേദ്കർ കോളനികളുടെ ശോചനീയാവസ്ഥ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ്** | | **Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | അംബേദ്കർ കോളനികളിൽ അടിസ്ഥാന സൗകര്യ വികസനം ഇല്ലാത്തതുമൂലം ജനങ്ങൾ ബുദ്ധിമുട്ട് അനുഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദമാക്കാമോ; | (എ) | മുപ്പതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്നതും അടിസ്ഥാന സൗകര്യവികസനത്തിൽ പിന്നാക്കം നിൽക്കുന്നതും വികസന പ്രവർത്തനങ്ങൾ ആവശ്യമുള്ളതുമായ കോളനികളെ അംബേദ്കർഗ്രാമ വികസന പദ്ധതിയിലുൾപ്പെടുത്തി സമഗ്രമായ വികസന പ്രവർത്തനങ്ങൾ നടത്തി വരുന്നു. |
| (ബി) | അംബേദ്കർ ഗ്രാമം പദ്ധതിയിൽ കോളനികളെ തെരഞ്ഞെടുത്തുവെങ്കിലും പല കോളനികളുടെയും നിർമ്മാണം തുടങ്ങാൻ കഴിയാത്തതും തുടങ്ങിയവ പൂർത്തിയാക്കാൻ കഴിയാത്തതുമായ സാഹചര്യമുണ്ടോ; എങ്കിൽ ഇത് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (ബി) | ഉണ്ട്. പ്രവൃത്തികൾ കൃത്യമായി അവലോകനം ചെയ്യുന്നതിനും സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും ഡയറക്ടറേറ്റ് തലത്തിലും ജില്ലാ ആഫീസുകൾ മുഖേനയും ഫീൽഡ് തലത്തിലും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. 09.09.2021 തീയതിയിൽ കൂടിയ അവലോകന യോഗത്തിൽ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നിർവ്വഹണ ഏജൻസികൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | അടിസ്ഥാന വികസന രംഗത്തും ഇരട്ടവീടുകൾ ഒറ്റ വീടുകളാക്കി മാറ്റുന്നതിലും നടപടി സ്വീകരിക്കാത്തതിനാൽ കോളനി നിവാസികൾ കഷ്ടപ്പെടുന്നതായി പറയപ്പെടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | കോളനികളിൽ താമസിക്കുന്നവർക്ക് യഥാർത്ഥ ഉടമസ്ഥാവകാശം ഇല്ലാത്തതിനാൽ പല വീടുകളും പൊളിച്ചിട്ട ശേഷം പണി നടത്താൻ കഴിയാത്ത അവസ്ഥ പരിശോധിക്കുമോ; വിശദമാക്കാമോ? | (ഡി) | അംബേദ്കർഗ്രാമവികസന പദ്ധതി പ്രകാരം വീടുകൾ പൊളിച്ചു പണിയുന്നതിനു വ്യവസ്ഥ ഇല്ല. ഒന്നര ലക്ഷം രൂപ പരിധി നിശ്ചയിച്ച് ഭവന പുനരുദ്ധാരണത്തിനാണ് പദ്ധതി മാനദണ്ഡ പ്രകാരം തുക അനുവദിക്കുന്നത്. |

സെക്ഷൻ ഓഫീസർ